# തലമുറ തലമുറയായി വാഴുന്ന ദൈവം

## സങ്കീർത്തനം 22:30–31

**“ഒരു സന്തതി അവനെ സേവിക്കും; വരുന്ന തലമുറയോടു യഹോവയെക്കുറിച്ചു കീർത്തിക്കും. അവർ വന്നു, ജനിപ്പാനുള്ള ജനത്തോടു അവൻ നിവർത്തിച്ചിരിക്കുന്നു എന്നു അവന്റെ നീതിയെ വർണ്ണിക്കും.”**

ലോകസൃഷ്ടിയുടെ കാലം മുതൽ ദൈവം മനുഷ്യനെ സൃഷ്ടിച്ചനുഗ്രഹിച്ച് പറഞ്ഞത്, നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഈ ഭൂമിയിൽ വാണരുളുവാനാണ്. അപ്രകാരം അന്നു മുതൽ ഇന്നുവരെ നാം നോക്കിയാൽ തലമുറകൾ മാറിക്കൊണ്ടിരിക്കുന്ന ഒരു ലോകത്തിലാണ് നാം ഏവരും ജീവിക്കുന്നത്. പുതിയ തലമുറകൾക്ക് പഴയ തലമുറകൾ വഴിമാറിക്കൊണ്ടിരിക്കുന്നു. മാറിപ്പോയ പഴയ തലമുറ പിന്നൊരോർമ്മയിൽ മാത്രം. തലമുറകൾ മാറിപ്പോയാലും, തലമുറ തലമുറയായി ജീവിക്കുന്നവനത്രേ, അനാദിയായും ശാശ്വതവാനുമായ നമ്മുടെ ദൈവം. തലമുറകൾ മാറിപ്പോകുവാൻ അനുവദിക്കുന്ന ഈ ദൈവം ശ്രദ്ധിക്കുന്ന ഒരു കാര്യം, ഒരു തലമുറ മാറിപ്പോകുമ്പോൾ, തന്നെ സേവിക്കുവാനായി അടുത്ത ഒരു തലമുറയെ ഒരുക്കി നിർത്തുന്നു എന്നതാണ്. നാം മേൽ കണ്ട വചനം ശ്രദ്ധിച്ചാൽ ദാവീദ് അതിനെപ്പറ്റി പറയുന്നത് മനസ്സിലാകും.

ഒരു സന്തതി അവനെ സേവിക്കും എന്നതിന് ഇംഗ്ലീഷ് പരിഭാഷയിൽ (KJV) ‘a seed shall serve him’ എന്നാണ് ‘a seed’ അഥവാ ഒരു വിത്ത്, ഒരു കാലഘട്ടത്തിലേക്കായുള്ള ഒരു മരമായോ, അല്ലെങ്കിൽ ഒരു ചെടിയായോ വളരുകയും, ആ മരത്തിലൂടെയും, ചെടിയിലൂടെയുമായി, അനേകം വിത്തുകളെ ഉത്പാദിപ്പിക്കുകയും ചെയ്യുന്നു. ഒരു വിളവെടുപ്പിനു ശേഷം കൃഷിക്കാരൻ അതിൽ നിന്ന് അടുത്ത വർഷത്തേക്ക് വിത നടത്തുവാനായി വിത്തുകളുടെ ഒരു ഭാഗം മാറ്റി വെയ്ക്കുന്നു എന്നതാണ്. അപ്രകാരം ഓരോ തലമുറ ഈ ലോകത്തിൽ നിന്നും കടന്നു പോകുമ്പോഴും, തങ്ങളുടെ ദൈവത്തെ സേവിപ്പാനായി ഒരു പുതു തലമുറയെ ദൈവം ദാനമായി നൽകുന്നു. അത് ദൈവത്തിന്നു തന്റെ ജനത്തോടുള്ള കരുണയും അവന്റെ വാഗ്ദത്തവുമാണ്.

ആദി പിതാവായ അബ്രഹാമിനു ദൈവം ചെയ്ത ആ വാഗ്ദത്തം ഇന്നും അവന്റെ മക്കളുടെ മേൽ മാറാതെ കിടക്കുന്നു എന്നുള്ളത് തികച്ചും സത്യവും വിശ്വാസ യോഗ്യവുമായ ഒന്നാണ്. മോശയ്ക്കു ശേഷം ദൈവം എഴുന്നേൽപ്പിച്ച യോശുവ, തന്നെ ദൈവം മോശമുഖാന്തരം ഭരമേൽപ്പിച്ച ഉത്തരവാദിത്തങ്ങളും പേറി; തന്റെ വിത്തുകളുമായി നിന്നു

കൊണ്ട് സകല യിസ്രായേല്യരും കേൾക്കെ പറഞ്ഞത് 'ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും' എന്നാണ്. തന്റെ ജീവിത കാലഘട്ടത്തിൽ യോശുവ ഉറപ്പോടും ധൈര്യത്തോടും കൂടെ തന്റെ ദൈവമായ യഹോവയ്ക്കു വേണ്ടി നിന്നു എന്നു മാത്രമല്ല, തന്റെ കാലശേഷം യഹോവയെ സേവിക്കുവാനായി തന്റെ കുടുംബത്തിൽ നിന്നും ഒരു തലമുറയെ ഒരുക്കി എടുക്കുകയും ചെയ്തു.

പ്രിയരേ, നമുക്ക് ജനിച്ചതായ സന്തതികളും ജനിപ്പാനുള്ള സന്തതികളും ഉണ്ടായിരിക്കാം. നാം ഈ കാലഘട്ടത്തിൽ ക്രിസ്തുവിന്നു വേണ്ടി നിലകൊള്ളുന്നതിനോടൊപ്പം അടുത്ത തലമുറയിൽ ക്രിസ്തുവിനായി ജീവിക്കുന്ന നമ്മുടെ സന്തതികളെ ഒരുക്കി എടുക്കുകകൂടി ചെയ്യേണ്ടിയിരിക്കുന്നു. കാലങ്ങൾ മാറിക്കൊള്ളട്ടെ തലമുറകൾ അവരുടെ ദൗത്യങ്ങൾ നിർവ്വഹിച്ച് ഈ ഭൂമിയുടെ പരപ്പിൽ നിന്നു പൊയ്ക്കൊള്ളട്ടെ; യേശു കർത്താവിന്റെ വരവ് താമസമെങ്കിൽ അടുത്ത തലമുറയിൽ നമ്മുടെ ദൈവത്തെ സേവിക്കുവാനായി ഒരു സന്തതി തയ്യാറായിക്കൊണ്ടിരിക്കുന്നു. ആ സന്തതിയുടെ കൂട്ടത്തിൽ നമ്മുടെ ഓരോരുത്തരുടെയും ജനിച്ചതായ, ജനിപ്പാനുള്ളതായ മക്കളും ഉണ്ടാവുമെന്ന് നമുക്ക് ഉറപ്പു വരുത്താം. അതിനായി ദൈവത്തിന്റെ പരിശുദ്ധറൂഹാ നമ്മെ സഹായിക്കുമാറാകട്ടെ. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

പരാമർശം:

ഉൽപത്തി 17:7

ഞാൻ നിനക്കും നിന്റെ ശേഷം നിന്റെ സന്തതിക്കും ദൈവമായിരിക്കേണ്ടതിന്നു ഞാൻ എനിക്കും നിനക്കും നിന്റെ ശേഷം തലമുറതലമുറയായി നിന്റെ സന്തതിക്കും മദ്ധ്യേ എന്റെ നിയമത്തെ നിത്യനിയമമായി സ്ഥാപിക്കും.

ബ്രദർ. ബിനു ബേബി ആലപ്പുഴ 165